(ബി) കേന്ദ്ര സൂ അതോറിറ്റിയുടെ അംഗീകാരം ഇവയ്ക്ക് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇങ്ങനെ കൂടുകളിൽ സൂക്ഷിക്കുന്ന വന്യജീവികളെ അവയുടെ സ്വാഭാവിക അവസ്ഥയിലേക്ക് തിരികെ വിടാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് വനംവകുപ്പ് ഹെർപെറ്റേറിയം നടത്തുന്നുണ്ടോ ; ഏതൊക്കെ വന്യജീവി സങ്കേതങ്ങളിലാണ് ഇവ സജ്ജമാക്കിയിട്ടുള്ളത് ; ഇതിന് കേന്ദ്ര സൂ അതോറിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കോഴിക്കോട്, പാലക്കാട്, മലയാറ്റൂർ എന്നീ ഡിവിഷനുകളിലും, നെയ്യാർ വന്യജീവി സംരക്ഷണ കേന്ദ്രത്തിലുമാണ് വന്യജീവികളെ കൂട്ടിലാക്കി പ്രദർശിപ്പിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. പെരുവെണ്ണാമൂഴി ക്രോക്കോഡൈൽ ആന്റ് സ്നേക്ക്പാർക്ക്.
2. മാൻപാർക്ക്, വാളയാർ.
3. വൈൽഡ് ആനിമൽ റെസ്ക്യൂ സെന്റർ, കോടനാട്.
4. ക്രോക്കോഡൈൽ പ്രൊട്ടക്ഷൻ സെന്റർ, നെയ്യാർ.
5. മാൻ റീഹാബിലിറ്റേഷൻ സെന്റർ, നെയ്യാർ.
6. ലയൺ സഫാരി പാർക്ക്, നെയ്യാർ.
7. സ്നേക്ക് റെസ്ക്യൂ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ, മലമ്പുഴ.

(ബി) അംഗീകാരത്തിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്നില്ല എങ്കിൽ സെൻട്രൽ സൂ അതോറിറ്റിയുടെ നിർദ്ദേശാനുസരണം തുടർ നടപടികൾ സ്വീകരിക്കുന്നതാണ് ;

(സി) ഇല്ല.

വനവൽക്കരണ പദ്ധതിക്ക് ലഭിക്കുന്ന സഹായം

101 (4141) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ടി. പി. എം. സാഹീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതി സർക്കാർ ഉപക്ഷേിച്ചിട്ടുണ്ടോ ;

(ബി) മുൻവർഷങ്ങളിൽ നടത്തിയ വനവൽക്കരണ പദ്ധതിയുടെ ഫലത്തെക്കുറിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമൂഹ്യ വനവൽക്കരണം സംബന്ധിച്ച് ഏതെങ്കിലും പദ്ധതികൾക്ക് സർക്കാർ ഇതര ഏജൻസികളിൽ നിന്നോ രാജ്യത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ നിന്നോ സഹായം ലഭിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1983-84-ൽ ആരംഭിച്ച് 1992-1993-ൽ അവസാനിച്ച ലോക ബാങ്ക് ധനസഹായത്തോടുകൂടിയ സാമൂഹ്യവനവൽക്കരണ പദ്ധതി പ്രകാരം 32411 ഹെക്ടർ സ്ഥലത്ത് വനവൽക്കരണം നടത്തിയിട്ടുണ്ട്. ഇപ്പോൾ സാമൂഹ്യ വനവൽക്കരണ വിഭാഗം നടപ്പാക്കി വരുന്ന പരിഹാര വനവൽക്കരണ പദ്ധതി പ്രകാരം 42938.24 ഹെക്ടറും, സംയോജിത വനവൽക്കരണ പരിസ്ഥിതി വികസന പദ്ധതി പ്രകാരം 9196.10 ഹെക്ടർ (8 വാട്ടർഷെഡ് പ്രദേശങ്ങളിലായി) ഉം, ഡെവലപ്മെന്റ് ഓഫ് കോസ്റ്റൽ ഷെൽട്ടർ പദ്ധതിയിൽ 591.09 ഹെക്ടറും, കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിലുള്ള 11 ബ്ലോക്ക് ബോർഡിന്റെ ധനസഹായത്തോടു കൂടി നടപ്പിലാക്കിയ പദ്ധതി പ്രകാരം 85.49 ഹെക്ടർ സ്ഥലത്തും മരങ്ങൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഹരിതോൽസവം (Greening the State Programme) എന്ന പേരിൽ ഒരു പുതിയ പദ്ധതി 2002-2003 വർഷത്തിൽ നടപ്പിലാക്കി. പ്രസ്തുത വർഷത്തിൽ ഈ പദ്ധതി പ്രകാരം സംസ്ഥാനത്താകെ 2482 സ്ഥലങ്ങളിലും, 1472 കി.മീ. റോഡ് വശങ്ങളിലും, 447 പഞ്ചായത്ത്, 41 മുനിസിപ്പാലിറ്റി, 5 കോർപ്പറേഷൻ എന്നിവിടങ്ങളിലും, വീട്ടുവളപ്പുകളിലുമായി ആകെ 13,21,178 വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(സി) സാമൂഹ്യ വനവൽക്കരണത്തിനായി സർക്കാരിതര ഏജൻസികളിൽ നിന്നോ രാജ്യത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ നിന്നോ ഇപ്പോൾ സഹായം ലഭിക്കുന്നില്ല.

(ഡി) ഉത്തരം 'സി'യുടെ വെളിച്ചത്തിൽ ബാധകമല്ല.

നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വനവിഭവങ്ങൾ ഉത്പന്നമായി മാറ്റുന്ന വ്യവസായങ്ങൾ

102 (4142) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. യു. സി. രാമൻ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനവിഭവങ്ങളായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ പ്രയോജനപ്പെടുത്തി മാത്രം പ്രവർത്തിക്കുന്ന എത്ര വ്യവസായ സ്ഥാപനങ്ങളുണ്ടെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly